3. ഇവിടെ കേരളത്തിലും വ്യത്യസ്ത രീതിയിലുള്ള ഒരു മാറ്റം സംഭവിക്കുകയുണ്ടായി. കേരളം പോലെ രാഷ്ട്രീയ പ്രബുദ്ധതയുള്ള ഒരു സംസ്ഥാനത്തിലെ സർക്കാർ മാറുന്നതും ഭരണ നേതൃത്വത്തിൽ മാറ്റം വരുന്നതും എല്ലാ കേരളീയരിലും കൗതുകവും ഉത്സാഹവും ഉണർത്തുന്നതാണ്. എന്നാൽ ഈ മാറ്റം, ജനവീക്ഷങ്ങളുടെ പിൻതുണയുള്ള, പക്വതയാർന്ന ആദർശ കുബേരനായ ഒരു നേതാവ്, തുല്യപ്രശസ്തനായ, കേരളത്തെ അതിവേഗം ബഹുദൂരം മുന്നോട്ട് കൊണ്ടുപോകുവാൻ ശ്രമിക്കുന്ന അനുജസ്ഥാനീയനായ ഒരു നേതാവിന് വഴിമാറിക്കൊടുക്കുമ്പോൾ അത് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷയോടെയല്ലാതെ ഉറ്റുനോക്കാതിരിക്കാൻ സാധിക്കില്ല. ഇത് രാഷ്ട്രീയമോ അടിസ്ഥാന തത്വങ്ങളിലുള്ളതോ ആയ മാറ്റമല്ല, പ്രത്യുത, ശൈലിയിലും വ്യക്തിത്വത്തിലുമുള്ള ഒരു മാറ്റം മാത്രമാണ്. കേരളത്തെ മുന്നോട്ട് നയിക്കുവാൻ ശക്തമായ അടിത്തറ പാകുകയും പാളം തെറ്റി ഓടിക്കൊണ്ടിരുന്ന നമ്മുടെ സമ്പദ് വ്യവസ്ഥയെ നേർ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്ത നമ്മുടെ ശ്രേഷ്ഠനായ കഴിവുറ്റ നേതാവ് ശ്രീ. എ. കെ. ആന്റണി നയിച്ച മുൻ സർക്കാരിന്റെ, എല്ലാ അർത്ഥത്തിലുമുള്ള തുടർച്ചയാണ്, ഞാൻ ഉൾപ്പെട്ട ഈ ഗവൺമെന്റ്. സാമ്പത്തിക വളർച്ചയും പരിഷ്ക്കരണങ്ങളും, സാമൂഹ്യനീതിയും ഈ ശക്തമായ അടിത്തറയിൽ നിന്നും നമുക്ക് പടുത്തുയർത്താം. നാം പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന അതിവേഗതയുള്ള കേരളം ബഹുദൂരം പിന്നിടുമ്പോൾ ഏതൊരു പൗരനും തിരിഞ്ഞുനോക്കിയാൽ സംതൃപ്തിയോടെ കാണുക, നേട്ടങ്ങളിൽ അഭിമാനംകൊള്ളുന്ന സംതൃപ്തരായ ഒരു ജനതയെ ആയിരിക്കും. നിങ്ങളെ നിരാശപ്പെടുത്തില്ല എന്ന് എന്റെ സഹപ്രവർത്തകരുടെ പേരിലും നമ്മുടെ മുഖ്യമന്ത്രിയുടെ പേരിലും ഞാൻ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വാഗ്ദാനം നൽകുന്നു.

സുനാമി ദുരന്തവും ദുരിതാശ്വാസവും

4. രാഷ്ട്രീയത്തിലെ മാറ്റങ്ങൾ കേരള ജനതയ്ക്ക് സുപരിചിതമാണ്. പക്ഷെ കേരളത്തിന്റെ പലഭാഗങ്ങൾ ഇന്നും തികച്ചും അപ്രതീക്ഷിതമായി അറബിക്കടൽ നൽകിയ സുനാമി എന്ന വിപത്തിൽപ്പെട്ട് ഉഴലുകയാണ്. കാതിൽ മൂളിപ്പാട്ടും മനസ്സിൽ താരാട്ടും വല നിറയെ മീനും നമുക്ക് നൽകിക്കൊണ്ടിരുന്ന അറബിക്കടൽ, നമ്മുടെ കടൽ, ഒരു നിമിഷ നേരത്തേയ്ക്ക് തന്റെ ഒരു രൗദ്രഭാവം പുറത്തെടുത്തു. സ്വന്തം മക്കളെ കൊള്ളാനും തള്ളാനും ഉള്ള അവകാശം നമ്മെ ഓർമ്മിപ്പിച്ച് ആ നിമിഷങ്ങൾ കടന്നുപോയി; കടൽ വീണ്ടും തന്റെ കവിതകൾ മൂളിക്കൊണ്ടിരിക്കുന്നു. പക്ഷെ കടലമ്മയുടെ മക്കൾ ആ ദുരന്തത്തിന്റെ ഞെട്ടലിൽനിന്നും ഇപ്പോഴും മുഴുവനായി കരകയറിയിട്ടില്ല.

5. സുനാമി ദുരന്തം വിതച്ച മറ്റൊരു സ്ഥലത്തും കണ്ടിട്ടില്ലാത്ത ക്രമീകരണങ്ങളാണ് നാം കേരളത്തിൽ കണ്ടത്. ആദ്യത്തെ ഊഴം ജനങ്ങളുടേതായിരുന്നു. കണ്ണുചിമ്മുന്ന വേഗതയിൽ സഹായ ഹസ്തവുമായി കടലമ്മയുടെ മക്കൾതന്നെ ഓടി നടന്നു. അനേക ജീവിതങ്ങൾ നഷ്ടപ്പെട്ടെങ്കിലും മറ്റനേകം ജീവിതങ്ങൾ വീണ്ടും രക്ഷിക്കപ്പെടുകയായിരുന്നു. സുനാമി ദുരന്തത്തിനു വിധേയരായ നമ്മുടെ സഹോദരങ്ങളെ സഹായിച്ച ജനങ്ങൾക്കും അവരുടെ നേതാക്കൾക്കും സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെതന്നെ വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾക്കും ഞാൻ ഈ ഗവൺമെന്റിന്റെ പേരിൽ നന്ദി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടലും ദൃഢമായ നേതൃത്വവും, നമ്മുടെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും വിവിധ സംഘടനകളുടെയും അശ്രാന്ത പരിശ്രമവും ഈ യജ്ഞത്തിന് കാതലായ ഒരു മാറ്റം വരുത്തി. ക്യാമ്പുകളുടെ നടത്തിപ്പിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നാടിന്റെ പുനർനിർമ്മാണത്തിനും ഈ ഗവൺമെന്റ് പ്രാധാന്യം നൽകിക്കൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ട ജീവിതങ്ങൾ തിരിച്ചുനൽകാൻ സാധിക്കുകയില്ല. പക്ഷെ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാനും അവർക്ക് ഒരു പുതുജീവിതം നൽകാനും ഉതകുമാറ്, നഷ്ടപ്പെട്ടുപോയ ഭവനങ്ങളും ആ പ്രദേശങ്ങളിലെ റോഡുകളും പാലങ്ങളും കടൽഭിത്തികളും പുനർനിർമ്മിക്കുന്നതിനും പുതിയ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും ഈ സർക്കാർ നടപടിയെടുത്തുകഴിഞ്ഞു. ദിവസങ്ങൾക്കുള്ളിൽതന്നെ 100 കോടി രൂപ അനുവദിച്ച കേന്ദ്ര സർക്കാരിന് ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. ഇനിയും 100 കോടിയിൽ അധികം രൂപ ഉടൻ ലഭിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഈ തുക ഉടനടി ചെലവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റ് എടുത്തുകഴിഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയ, നൽകിക്കൊണ്ടിരിക്കുന്ന കേരളത്തിനകത്തേയും പുറത്തേയും ജനലക്ഷങ്ങൾക്കും ഞാൻ അഭിവാദ്യമർപ്പിക്കുന്നു. അപ്രതീക്ഷിതമായ ഒരു വേളയിൽ അശാന്തമായിത്തീർന്ന അറബിക്കടലിന്റെ ഈ തീരത്ത് ഇനിയും രോദനങ്ങളും മൃത്യുവിന്റെ മരവിപ്പും അടങ്ങിയിട്ടില്ല. ഒന്നിച്ചുനിന്നുകൊണ്ട് ഒരു പുതിയ കടൽതീരം ഇവിടെ നമുക്കു കെട്ടിപ്പടുക്കാം.

7. ഇനി ബഡ്ജറ്റ് അവതരിപ്പിക്കുക എന്ന എന്റെ പ്രാഥമിക കർത്തവ്യത്തിലേക്ക് ഞാൻ കടക്കുകയാണ്. വർഷാരംഭത്തിൽ ഒരു സമ്പൂർണ്ണ ബഡ്ജറ്റ് കണ്ടിരുന്ന കാലം കേരളം മറന്നുകഴിഞ്ഞു. മൂന്നു പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാനുള്ള എന്റെ പ്രത്യേക അവകാശം നിങ്ങളുടെ എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ വിനിയോഗിക്കുകയാണ്. നിയമസഭാ ചട്ടങ്ങൾ അനുശാസിക്കുന്ന വിഷയനിർണ്ണയ സമിതികളിലെ ചർച്ചകളും സഭയിലെ വിശദമായ ചർച്ചകളും അതിനുശേഷം ഡിമാന്റ് തിരിച്ചുള്ള വോട്ടെടുപ്പും നടത്തേണ്ടതുണ്ടെങ്കിലും അവയെല്ലാം പാലിച്ചുകൊണ്ടുതന്നെ അടുത്ത സാമ്പത്തിക വർഷാരംഭത്തിന് മുമ്പുതന്നെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കിയെടുക്കാൻ സാധിക്കുമെന്നു തെളിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബഡ്ജറ്റ് പ്രക്രിയ നിയമം അനുശാസിക്കുന്ന രീതിയിൽ, ഈ വർഷം മാത്രമല്ല വരുംവർഷങ്ങളിലും, സാധാരണഗതിയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ഈ സഭയുടെയും അതിലെ അംഗങ്ങളുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും (സർ, അങ്ങിരിക്കുന്ന ആ കസേര എനിയ്ക്കെത്രയും പ്രിയപ്പെട്ടതും വൈകാരിക ബന്ധമുള്ളതും ആയിരിക്കുന്നതിനാൽ പ്രത്യേകിച്ചും), എല്ലാവരുടെയും പിന്തുണ ഞാൻ തേടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly